**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5468** **24-03-2025 - ൽ മറുപടിയ്ക്ക്**

**ആലത്തൂർ മണ്ഡലത്തിലെ കെ-ഫോൺ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . കെ .ഡി .പ്രസേനൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ആലത്തൂർ മണ്ഡലത്തിലെ കെ-ഫോൺ പദ്ധതിയുടെ പുരോഗതി അറിക്കാമോ; | (എ) | ആലത്തൂർ മണ്ഡലത്തിൽ കെ-ഫോൺ നിർമ്മാണ പ്രവർത്തനങ്ങളുടെ ഭാഗമായി നിലവിൽ 63.6 കിലോമീറ്റർ ബാക്ക്ബോൺ, 126.3 കിലോമീറ്റർ അക്സസ്സ് കേബിൾ, പോയിന്റ് ഓഫ് പ്രെസൻസിലെ ഐ.ടി. സംബന്ധമായ ജോലികൾ എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്. നിലവിൽ 184 സർക്കാർ ഓഫീസുകളിൽ/ സ്ഥാപനങ്ങളിൽ ഇന്റർനെറ്റ് ലഭ്യത ഉറപ്പുവരുത്തിയിട്ടുണ്ട്. കൂടാതെ, 48 വാണിജ്യ കണക്ഷനുകളും സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുടുംബങ്ങൾക്ക് സൗജന്യമായി നൽകുന്ന 50 കണക്ഷനുകളും നൽകിയിട്ടുണ്ട്. |
| (ബി) | ആലത്തൂർ മണ്ഡലത്തിൽ അപേക്ഷിച്ച എല്ലാവർക്കും കെ-ഫോൺ നൽകിയിട്ടുണ്ടോ; വിശദമാക്കാമോ? | (ബി) | സൗജന്യമല്ലാത്ത രീടെയിൽ കണക്ഷനുകൾ മാത്രമാണ് അപേക്ഷയുടെ അടിസ്ഥാനത്തിൽ ഇതുവരെ നൽകി വന്നിരുന്നത്. അത്തരത്തിൽ ലഭിച്ച അപേക്ഷകളിൽ നിന്നും 48 കണക്ഷനുകൾ നൽകിയിട്ടുണ്ട്. ശേഷിക്കുന്ന കണക്ഷനുകൾ നൽകാനുള്ള നടപടി സ്വീകരിച്ചു വരികയാണ്. തദ്ദേശ സ്ഥാപനങ്ങളിൽ നിന്നും ലഭിച്ച ഗുണഭോക്താക്കളുടെ പട്ടികയുടെ അടിസ്ഥാനത്തിൽ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന 50 കുടുംബങ്ങൾക്ക് സൗജന്യമായി കണക്ഷൻ നൽകിയിട്ടുണ്ട്. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന മഞ്ഞ അല്ലെങ്കിൽ പിങ്ക് റേഷൻ കാർഡുള്ള കുടുംബങ്ങൾക്ക് അപേക്ഷയുടെ മുൻഗണനാ ക്രമത്തിൽ കെ-ഫോൺ കണക്ഷൻ സൗജന്യമായി ലഭ്യമാക്കാനുള്ള നടപടി സ്വീകരിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ